# Atomoxetine

പേര് (Generic) : അറ്റൊമോക്സേറ്റിൻ (Atomoxetine)

Common Brand Names : Axepta, Attentrol

General category: CNS stimulants

ചരിത്രം :

2002 മുതൽ ലോകവ്യാപകമായി Attention deficit hyperactivity disorder എന്ന അവസ്ഥക്ക ഫലപ്രദമായി ഉപയോഗിച്ചുവരുന്നു . ഇവ തലച്ചോറിലെ പ്രത്യേക സംവേദന തന്ത്രികളിൽ നോർ അഡ്രെനലിൻ ഡോപമിൻ എന്നിവയുടെ അളവിൽ വ്യതിയാനം വരുത്തുന്നു. ഈ മരുന്ന് ജനറിക് ആയി ലഭ്യമാണ്. (വ്യത്യസ്ത കമ്പനികൾ ഈ മരുന്നുണ്ടാക്കി മാർക്കറ്റിൽ ലഭ്യമാക്കുന്നു).

പ്രധാന ഉപയോഗം എന്താണ് ?

Attention deficit hyperactivity disorder ( 6 വയസ്സിന് മുകളിലുള്ള കുട്ടികൾക്ക് )

ഈ മരുന്ന് ശ്രദ്ധക്കുറവ്, അമിതാവേശം, ഹൈപ്പർ ആക്ടിവിറ്റി എന്നിവ കുറയ്ക്കുന്നു. രോഗിയുടെ അവസ്ഥ വിശദമായി വിലയിരുത്തിയതിനു ശേഷമേ, ഈ മരുന്ന് തുടങ്ങാനുള്ള തീരുമാനം ഡോക്ടർ എടുക്കുകയുള്ളൂ.

എങ്ങനെയാണ് ഈ മരുന്ന് പ്രവർത്തിക്കുന്നത് ?

മരുന്ന് രക്തത്തിലൂടെ തലച്ചോറിൽ എത്തുന്നു . ചിന്തകളുടേയും വികാരങ്ങളുടേയും പ്രവർത്തികളുടേയും അടിസ്ഥാനമായ തലച്ചോറിലെ സർക്യൂട്ടുകളിൽ മരുന്ന് മാറ്റങ്ങൾ വരുത്തുന്നു. ഈ മാറ്റങ്ങൾ മനസികാവസ്ഥയെ സാധാരണ നിലയിലാക്കാൻ സഹായിക്കുന്നു.

കഴിക്കും മുൻപ് നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

© Institute for Mind and Brain (Inmind), Thrissur: 04884239000.

ഈ മരുന്ന കഴിച്ച് എന്തെങ്കിലും അലർജിയോ കഠിനമായ പാർശ്വഫലങ്ങളോ പണ്ടുണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം ഡോക്ടറോട് പറയണം. ഗർഭിണികളും പാലൂട്ടുന്ന അമ്മമാരും ഇക്കാര്യം ഡോക്ടറെ ഓർമ്മപ്പെടുത്തണം. ഹൃദയ രോഗങ്ങൾ ഉള്ളവർ ഇക്കാര്യം ചർച്ച ചെയ്യണം. പ്രായമായവരിലും കരൾ പ്രവർത്തനം തകരാറിലായവരിലും അളവ് കുറക്കേണ്ടി വരുമെന്ന് ഓർമിക്കണം .

## ഈ മരുന്ന് നിർദ്ദേശിക്കുന്നതിനു മുൻപേ നിങ്ങളുടെ ഡോക്ടർ എന്തൊക്കെ വിലയിരുത്തും ?

നിങ്ങളുടെ ശാരീരിക ആരോഗ്യം ഡോക്ടർ വിലയിരുത്തും. നിങ്ങൾ കഴിക്കുന്ന മറ്റു മരുന്നുകളും ഡോക്ടർ വിശകലനം ചെയ്യും. കരൾ രോഗം, രക്തം കട്ട പിടിക്കാൻ താമസം വരുന്ന രോഗങ്ങൾ എന്നിവ ഉള്ളവരിൽ മരുന്നു തുടങ്ങുന്നതിനു മുൻപേ പ്രത്യേക പരിശോധനകൾ ആവശ്യമായി വരാം . ഹൃദയാരോഗ്യം പ്രത്യേകം വിശകലനം ചെയ്യും. അതിനായി മരുന്ന് തുടങ്ങുന്നതിനു മുൻപും , തുടങ്ങിയതിനു ശേഷം ഡോസിൽ വ്യതിയാനം വരുത്തുമ്പോഴും , പിന്നീട് ചുരുങ്ങിയത് 6 മാസതിലോരിക്കലെങ്കിലും രോഗിയുടെ ബ്ലഡ് പ്രഷർ , പൾസ് എന്നിവ കൃത്യമായി രേഖപ്പെടുത്തും.

## ഈ മരുന്ന് കഴിക്കാൻ തുടങ്ങുന്നത് ഒട്ടും അഭികാമ്യമല്ലാത്തത് എപ്പോൾ?

1. മരുന്നിനോട് പ്രത്യേക അലർജിയുണ്ടെങ്കിൽ.
2. കരളിന്റെ പ്രവർത്തനത്തിൽ കാര്യമായ തകരാറുണ്ടെങ്കിൽ.
3. അമിതമായ രക്തസമ്മർദ്ദം ഉള്ളവരിൽ

## മരുന്നിന്റെ ഡോസ് എങ്ങനെയാണ് ?

കുട്ടികളിൽ ഗുളിക ശരീരഭാരം അനുസരിച്ചാണ് നൽകാറുള്ളത്. ദിവസേന 0.5mg/kg – 1.2mg/kg ഡോസ് രണ്ടോമൂന്നോ നേരമായിട്ടാണ് സാധാരണ കൊടുക്കാറുള്ളത്. വലിയവരിൽ നിത്യേന 4 0 mg മുതൽ 100mg വരെ കൊടുക്കാം.

## ഈ മരുന്ന് ഏതെല്ലാം രൂപത്തിൽ ലഭ്യമാണ് ?

ഗുളിക രൂപത്തിലും ക്യാപ്സ്യൂൾ രൂപത്തിലും ആണ് ഈ മരുന്ന് സാധാരണ ലഭിക്കാറുള്ളത്. ദ്രാവക രൂപത്തിലും ലഭ്യമാണ്.

## സാധാരണ കഴിക്കുന്ന രീതി എന്താണ് ?

രാവിലെ മാത്രമോ രാവിലെയും ഉച്ചക്കുമായിട്ടോ കഴിക്കാം. ഭക്ഷണത്തിന്റെ കൂടെയോ അല്ലാതെയോ കഴിക്കാം.

## സാധാരണ പാർശ്വഫലങ്ങൾ എന്തൊക്കെ ?

പലപ്പോഴും യാതൊരു വിധ പ്രശ്നങ്ങളും ഉണ്ടാകാറില്ല. ആരംഭിച്ച ആദ്യത്തെ ഒരു

© Institute for Mind and Brain (Inmind), Thrissur: 04884239000.

ആഴ്ചയ്ക്കകം വിശപ്പുകുറയൽ , ഛർദ്ദിക്കുള്ള പ്രവണത, നെഞ്ചെരിച്ചിൽ, പരിഭ്രമം-ഉത്കണ്ഠ എന്നിവ പലപ്പോഴും കാണാം. എന്നാൽ കുറച്ചുദിവസത്തിനകം തന്നെ ഇവ മെച്ചപ്പെടാറുണ്ട്.

## ഡോക്ടറെ ഉടൻ അറിയിക്കേണ്ട സന്ദർഭങ്ങൾ എന്തൊക്കെ ?

അപൂർവ്വമായി കാണുന്ന ചില പ്രയാസങ്ങൾ ആണിവ. അപൂർവ്വം എങ്കിലും അപകടകരമായതിനാൽ ഇവ എടുത്തു പറയുന്നു എന്ന് മാത്രം.

1. ശാരീരികമായ കടുത്ത അസ്വസ്ഥതകൾ.
2. മരുന്ന് തുടങ്ങി അധികം കഴിയാതെ കടുത്ത ചൊറിച്ചിൽ, വായക്ക് അകവും പുറവും തൊലി ചുവന്നുവരിക, തൊലി പൊട്ടുക തുടങ്ങിയവ മരുന്നിനോടുള്ള അലർജി ആവാം.
3. അപസ്മാരം .
4. ആത്മഹത്യാ ചിന്തകൾ ( പുതുതായി പ്രത്യക്ഷപ്പെടുകയോ, ഉണ്ടായിരുന്നതു ശക്തി കൂടി അനുഭവപ്പെടുകയോ ചെയ്യുന്നുവെങ്കിൽ). കുട്ടികളിലും 25 വയസ്സിനു താഴെ പ്രായമുള്ളവരിലും, പ്രത്യേകിച്ച് ചികിത്സയുടെ ആദ്യ ആഴ്ചകളിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. വിഷാദ ചിന്തകൾ കുറയുന്നതു വരെ ഇതു ശ്രദ്ധിക്കണം.
5. ഛർദ്ദി, വയറുവേദന, മൂത്രത്തിന് കടുത്ത നിറം എന്നിവ കരളിന്റെ പ്രവർത്തനത്തിൽ തകരാറ് സംഭവിക്കുമ്പോൾ ഉണ്ടായേക്കാം.

   ഇത്തരം പ്രയാസങ്ങൾ ഏതെങ്കിലും കണ്ടാൽ മരുന്ന് നിർത്തി ഉടനെ തന്നെ ഡോക്ടറുമായി ബന്ധപ്പെടണം.

## സാധാരണ പാർശ്വഫലങ്ങൾ കണ്ടാൽ എന്ത് ചെയ്യണം ?

സാധാരണയായി കാണുന്നവ കുറച്ചു ദിവസങ്ങൾക്കുള്ളിൽ കുറയുകയും അപ്രത്യക്ഷമാവുകയും ചെയ്യും. ശരീരം മരുന്നിനോട് പൊരുത്തപ്പെടുവാൻ ചിലപ്പോൾ കുറച്ചു ദിവസങ്ങൾ എടുത്തേക്കാം. അങ്ങനെ കുറയുന്നില്ല എങ്കിൽ ചിലപ്പോൾ ഡോസ് കുറക്കേണ്ടി വരും. ചിലപ്പോൾ അനുഭവപെടുന്ന പ്രയാസങ്ങൾ മാനസിക പ്രശ്നത്തിന്റെ തന്നെ ഭാഗമാണോ എന്നും നോക്കണം . വളർച്ചക്കുറവ് ഉണ്ടാകാനിടയുള്ളതിനാൽ കൃത്യമായ ഇടവേളകളിൽ തൂക്കവും ഉയരവും പരിശോധിച്ചു രേഖപ്പെടുത്തണം.

## ഗർഭിണികൾക്ക് കഴിക്കാമോ ?

ഗർഭകാലത്ത് ഈ മരുന്ന് കഴിയുന്നതും ഒഴിവാക്കുകയാണ് നല്ലത്. എങ്കിലും കഴിക്കുന്നത് കൊണ്ടുള്ള ഗുണങ്ങൾ നോക്കി ഡോക്ടറുടെ നിർദ്ദേശം അനുസരിച്ച് തീരുമാനമെടുക്കുക.

© Institute for Mind and Brain (Inmind), Thrissur: 04884239000.

## പാലൂട്ടുന്ന അമ്മമാർക്ക് കഴിക്കാമോ?

പാലിൽ ഈ മരുന്ന് വന്നേക്കാം. മുലയൂട്ടുന്നവർ ഈ മരുന്ന് കഴിയുന്നതും ഒഴിവാക്കുകയാണ് നല്ലത്. എങ്കിലും കഴിക്കുന്നത് കൊണ്ടുള്ള ഗുണങ്ങൾ നോക്കി ഡോക്ടറുടെ നിർദ്ദേശം അനുസരിച്ച് തീരുമാനമെടുക്കുക.

## കഴിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ഭക്ഷണം മരുന്നിനെ ബാധിക്കില്ല . മദ്യപാനവും പുകവലിയും ഒഴിവാക്കണം. നിർദ്ദേശിച്ച അളവിൽ മാത്രം മരുന്ന് കഴിക്കുക.

## മരുന്ന് സൂക്ഷിക്കേണ്ട വിധം

2 5 ഡിഗ്രിക്ക് താഴെയുള്ള താപനിലയിൽ സൂക്ഷിക്കുക.

## എത്ര കാലം മരുന്ന് കഴിക്കണം ?

ഡോക്ടർ പറയാതെ നിർത്തരുത്. ഇത് രോഗം വീണ്ടും പ്രത്യക്ഷപ്പെടുവാൻ ഇടയാക്കിയേക്കാം. സാധാരണയായി, ഒരു വർഷം മരുന്ന് തുടർന്നുപയോഗിച്ചതിനു ശേഷം രോഗിയുടെ അവസ്ഥയനുസരിച്ച് മരുന്ന് തുടരേണ്ട ആവശ്യകത ഡോക്ടർ വിലയിരുത്തുന്നു. ഈ മരുന്ന് കൊണ്ട് പ്രതീക്ഷിച്ച ഗുണം കിട്ടിയില്ലെങ്കിൽ അക്കാര്യം ഡോക്ടറുമായി ചർച്ച ചെയ്യുക. മരുന്ന്, ഡോക്ടർ നിർദ്ദേശിക്കുന്ന അവസരത്തിൽ തന്നെ നിർത്തുകയും ചെയ്യണം. തുടർന്ന് കഴിച്ചുകൊണ്ടിരിക്കരുത്.

## ഈ മരുന്ന് ഉപയോഗിക്കുന്നവർ ഇതിനു ' അഡിക്റ്റ്ഡ് ' ആകുമോ ?

ഇത് വളരെ സാധാരണമായ സംശയം തന്നെയാണ് . ഈ മരുന്ന് ഉപയോഗിക്കുന്നത് വഴി ഇതിനു 'അഡിക്റ്റ്ഡ്' ആകുവാൻ സാദ്ധ്യത ഒരിക്കലുമില്ല. എങ്കിലും ഈ മരുന്ന് നിർത്തുന്നത് ഡോക്ടറുടെ ഉപദേശ പ്രകാരം ഡോസ് ക്രമേണ കുറച്ചു തന്നെയായിരിക്കണം .

## ഈ മരുന്ന് എനിക്ക് സ്വയം ഉപയോഗിക്കാമോ ?

വൈദ്യോപദേശ പ്രകാരം മാത്രം ഉപയോഗിക്കപ്പെടേണ്ട ഒരു ' prescription only ' മരുന്നാണ് ഇത്. ഈ മരുന്ന് ഉപയോഗിക്കുന്നതിന്റെ ഔചിത്യം, യുക്തി, ശാരീരികമാനസിക ഫലങ്ങൾ പാർശ്വഫലങ്ങൾ എന്നിവ വിശദമായി വിലയിരുത്തി മാത്രമായിരിക്കും ഡോക്ടർ ഇത് നിർദ്ദേശിക്കുന്നത് .

© Institute for Mind and Brain (Inmind), Thrissur: 04884239000.